പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3332 13.03.2017-ലെ മറുപടിക്ക്

## തിരു-കൊച്ചി ബസ് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.ടി. തോമസ് | | എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |
| (എ) | എറണാകുളത്ത് ആരംഭിച്ച തിരു-കൊച്ചി ബസ് സർവ്വീസ് ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | എറണാകുളത്ത് ആരംഭിച്ച തിരു-കൊച്ചി ബസ് സർവ്വീസ് ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. എറണാകുളം മേഖലയിൽ ആകെ 68 തിരു-കൊച്ചി ഷെഡ്യൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. അതിൽ ശരാശരി 44 ഷെഡ്യൂളുകൾ ദിവസംപ്രതി നടത്തി വരുന്നു. |
| (ബി) | പ്രസ്തുത ബസ്സുകളുടെ സമയക്രമത്തിലുള്ള അപാകതമൂലം നഷ്ടത്തിലാണെന്ന കാരണത്താൽ ഷെഡ്യൂളുകൾ റദ്ദാക്കാറുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഷെഡ്യൂളുകളൊന്നും തന്നെ സ്ഥിരമായി റദ്ദാക്കാറില്ല. വരുമാനക്കുറവുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാന കൂടുതലുള്ള ഷെഡ്യൂളുകളാക്കി സർവ്വീസ് നടത്തുന്നതിന് വേണ്ടിയാണ് ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നത്. വരുമാന വർദ്ധനവ് ഉദ്ദേശിച്ച് ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുമ്പോൾ പ്രധാനപ്പെട്ട എല്ലാ ട്രിപ്പുകളും നിലനിർത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | തിരു-കൊച്ചി ബസ് സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | തിരു-കൊച്ചി ബസ് സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി യാത്രാക്ലേശം രൂക്ഷമായ മേഖലകളിലേക്കും, കെ.എസ്.ആർ.ടി.സി.യെ മാത്രം ആശ്രയിക്കുന്ന മേഖലകളിലേക്കും യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് സർവ്വീസുകൾ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ